'ഭരണഭാഷ- മാതൃഭാഷ'

YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്-മെറ്റീരിയൽ പ്രവൃത്തികളുടെ ബിൽ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

---

## തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

G.O.(Rt)No.95/2020/LSGD തീയതി,തിരുവനന്തപുരം, 10/01/2020

---

പരാമർശം:- 1 കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റിന്റെ 31.10.2019-ലെ നം.എ-3-5798/19 നമ്പർ കത്ത്

2 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 25.11.2019- ലെ 7/MGNREGS Fin./2019-20/material & admin നമ്പർ കത്ത്

## ഉത്തരവ്

കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയ മെറ്റീരിയൽ പ്രവൃത്തികളുടെ ബിൽ തുക പ്രവൃത്തി പൂർത്തീകരിച്ച് ഏഴ് മാസം കഴിഞ്ഞിട്ടും ലഭിക്കാത്തതിനെ തുടർന്ന് 2018-19 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് പൂർത്തീകരിച്ച 16 പ്രവൃത്തികളുടെ തുകയുടെ 50 ശതമാനം വീതം വെണ്ടർമാർക്ക് താൽക്കാലിക ആശ്വാസമായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും തൊഴിലുറപ്പ് ഫണ്ട് ലഭ്യമാകുന്ന മുറക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് തിരികെ ലഭ്യമാക്കുന്ന വിധത്തിൽ ക്രമീകരണം ഏർപ്പെടുത്തുന്നതിനും അനുമതി നൽകണമെന്ന് പഞ്ചാത്ത് ഭരണ സമിതിയുടെ തീരുമാനമനുസരിച്ച് പരാമർശം (1) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. ഇക്കാര്യത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞതിനെത്തുടർന്ന് പരാമർശം (2) പ്രകാരം ചുവടെ പറയുന്ന വിവരങ്ങൾ അറിയിക്കുകയുണ്ടായി. ഇ.എഫ്.എം.എസിലൂടെ ഒരു പ്രവൃത്തിയുടെ 5 0 % തുക നൽകുവാൻ നിലവിൽ ക്രമീകരണം ഇല്ല. പ്രവൃത്തികൾക്ക് എഫ്.ടി.ഒ യിലെ പൂർണ്ണതുക അനുവദിക്കുകയും അത്തരം എഫ്.ടി.ഒ.കൾ എം.ഐ.എസ്-ൽ "work done through implementing agency" ഓപ്ഷൻ എൻട്രി ചെയ്യുകയും കോർ ബാങ്കിംഗ് സിസ്റ്റവുമായി ബന്ധിപ്പിക്കപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ ഉചിത അക്കൗണ്ട് സിസ്റ്റത്തിൽ എൻട്രി വരുത്തുകയും ചെയ്താൽ മാത്രമേ എം.ഐ.എസ്.വർക്ക് ഫ്ലോ പ്രകാരം നടപടി ക്രമം പൂർത്തീകരിക്കാൻ കഴിയൂ. വർക്ക് പൂർത്തീകരണം എം.ഐ.എസിലെ പല റിപ്പോർട്ടിലും പ്രതിഫലിക്കുന്നതാണ്.

3. എന്നാൽ നിലവിൽ മെറ്റീരിയൽ ഫണ്ട് ലഭ്യമാക്കുന്നതിന് കാലതാമസം വരുന്നുണ്ടെന്ന

പ്രത്യേക പശ്ചാത്തലം പരിഗണിച്ച് ടി ഗ്രാമപഞ്ചായത്തിന്റെ അഭ്യർത്ഥനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള 16 പ്രവൃത്തികളുടെ കാര്യത്തിൽ ഇപ്രാവശ്യത്തേയ്ക്ക് മാത്രം ഉപാധികളോടെ അനുമതി നൽകുന്നത് പരിഗണിക്കാവുന്നതാണെന്ന് മിഷൻ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച ശേഷം ഫണ്ട് ലഭിക്കാത്തതിനെത്തുടർന്ന് ബിൽ തുക നല്കാൻ കഴിയാതെ വന്ന 16 മെറ്റീരിയൽ പ്രവൃത്തികളിലെ തുകയുടെ 50 ശതമാനം വീതം വെണ്ടർമാർക്ക് താൽക്കാലിക ആശ്വാസമായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും തൊഴിലുറപ്പ് ഫണ്ട് ലഭ്യമാകുന്ന മുറക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് തിരികെ ലഭ്യമാക്കുന്ന വിധത്തിൽ ക്രമീകരണം നടത്തുന്നതിനും ചുവടെ പറയുന്ന ഉപാധികളോടെ ഇപ്രാവശ്യത്തേയ്ക്ക് മാത്രം പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

1. നിലവിലെ എഫ്.ടി.ഒ തുകയുടെ 50% വീതം 16 പ്രവൃത്തികൾക്കും നല്കുന്നതിന് കഴിയാത്ത സാഹചര്യത്തിൽ അതിനുപകരം 1 6 പ്രവൃത്തികളിലെ തെരഞ്ഞെടുത്ത പ്രവൃത്തികൾക്ക് എഫ്.ടി.ഒ യിലെ പൂർണ്ണതുക അനുവദിക്കേണ്ടതും അത്തരം എഫ്.ടി.ഒ.കൾ എം.ഐ.എസ്-ൽ "work done through implementing agency" ഓപ്ഷൻ എൻട്രി ചെയ്യുകയും കോർ ബാങ്കിംഗ് സിസ്റ്റവുമായി ബന്ധിപ്പിക്കപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ ഉചിത അക്കൗണ്ട് സിസ്റ്റത്തിൽ എൻട്രി വരുത്തേണ്ടതുമാണ്.

2. മെറ്റീരിയൽ പണം അനുവദിക്കപ്പെടുന്ന ഘട്ടത്തിൽ വ്യക്തിഗത ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിന് കൂടുതൽ കാലതാമസം വരികയും സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാകുകയും ചെയ്യുന്നത് ഒഴിവാക്കുന്നതിനായി 2018-19 ൽ പൂർത്തീകരിക്കപ്പെട്ട ടി 1 6 റോഡ് പ്രവൃത്തികൾക്ക് മുന്നേ വ്യക്തിഗത ഗുണഭോക്താക്കൾ ടി വർഷം നേരിട്ട് നിർവ്വഹണം നടത്തി പൂർത്തീകരിച്ച പ്രവൃത്തികൾക്കും ഇതേ രീതിയിൽ ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും പണം നൽകിയിരിക്കണം.

3. ഇപ്പോഴത്തെ നടപടിക്രമം ഒരു കീഴ്വഴക്കമാകുവാൻ പാടില്ലാത്തതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BIJUKUTTAN.M.S

ADDITIONAL SECRETARY

പകർപ്പ്

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

പ്രസിഡന്റ്/സെക്രട്ടറി, കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്ത്, പാലക്കാട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

# File No.LSGD-DD2/383/2019-LSGD

വെബ്&ന്യൂ മീഡിയ, ഐ&പിആർഡി

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by NISAM N
Date: 2020.01.17 11:17:22 IST
Reason: Approved

സെക്ഷൻ ഓഫീസർ